നം. ഭരണം.ബി4/295/2015/ധന

ധനകാര്യ (ഭരണം-ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 05/05/2023

## നോട്ടീസ്

[മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് - അനുബന്ധം എച്ച് -4]

ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.നിയാസ് അഹമ്മദ് കെ.എം എന്ന താങ്കൾ 01/02/2021 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം താങ്കൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ എതിർവാദപത്രിക ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അവസാനം ലഭ്യമായ താങ്കളുടെ വിലാസത്തിൽ 05/02/2022 ലെ നം.ഭരണം-ബി4/295/2015-ധന പ്രകാരം കുറ്റാരോപണമെമ്മൊ അയച്ചിരുന്നു. ആയത് താങ്കളുടെ പിതാവ് കൈപ്പറ്റിയെങ്കിലും താങ്കൾ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ലാത്തതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ട് 05/07/2022-ൽ നോട്ടീസ് അയയ്ക്കുകയും പ്രസ്തുത നോട്ടീസ് അടങ്ങിയ കവർ താങ്കൾ രാജ്യം വിട്ടുപോയതായി രേഖപ്പെടുത്തി തപാൽ അധികാരികൾ തിരിച്ചയയ്ക്കുകയും ചെയ്തു. തുടർന്ന് 2022 ഡിസംബർ 20 തീയതി മാതൃഭൂമി, ദേശാഭിമാനി എന്നീ ദിനപത്രങ്ങൾ വഴി താങ്കളുടെ അവസാനം ലഭ്യമായ മേൽവിലാസത്തിൽ താങ്കൾക്കെതിരായ കുറ്റാരോപണമെമ്മോയും കുറ്റാരോപണ പത്രികയും പ്രസിദ്ധപ്പെടുത്തി.

15 ദിവസത്തിനുള്ളിൽ താങ്കളോട് എതിർവാദ പത്രിക/വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ എതിർവാദമൊന്നും സമർപ്പിച്ചിട്ടില്ല. ഇതിൽ നിന്നും താങ്കൾ കുറ്റം സമ്മതിച്ചതായി കണക്കാക്കി കെ.എസ്.ആർ ഭാഗം-I, അനുബന്ധം XII എ, റൂൾ (6) ൽ വ്യവസ്ഥ ചെയ്തുള്ള പ്രകാരം നടപടികൾ സ്വീകരിച്ച് കേരള സിവിൽ സർവ്വീസ് **(**തരംതിരിക്കലും നിയന്ത്രണവും അപ്പീലും**)** ചട്ടങ്ങൾ**,** ചട്ടം **11 (1) (VII)** പ്രകാരം സർവ്വീസിൽ നിന്നും 01/02/2021 പ്രാബല്യത്തിൽ നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത അച്ചടക്കനടപടി സംബന്ധിച്ച് താങ്കളെ നേരിൽ കേൾക്കുന്നതിനായി ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ ഓഫീസ് സമയത്ത് ധനകാര്യ (ഭരണം-ബി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ശിക്ഷ സംബന്ധിച്ച് താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന് കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി ധനകാര്യ വകുപ്പ്**

ശ്രീ.നിയാസ് അഹമ്മദ് .കെ എം , S/o ശ്രീ.മൊഹമ്മദ് ബഷീർ, കൊന്നേപ്പറമ്പിൽ ഹൗസ് , പേട്ട ഗവ.ഹൈസ്കൂളിന് സമീപം, കാഞ്ഞിരപ്പള്ളി പി.ഒ, കോട്ടയം ജില്ല.